"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - വെളിനല്ലൂർ ഇ.ഇ.ടി. യു.പി.എസ്.-ലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ നന്ദു കൃഷ്ണന്റെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3910/2026/GEDN തീയതി,തിരുവനന്തപുരം, 11-06-2026

---

പരാമർശം:-

1. വെളിനല്ലൂർ ഇ.ഇ.ടി. യു.പി. സ്കൂൾ മാനേജർ 16.03.2026 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.04.2026 തീയതിയിലെ എഫ്4/6713/2026/ഡിജിഇ നമ്പർ റിപ്പോർട്ട്.
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28.04.2026 തീയതിയിലെ ഡിഡിഇകെഎൽഎം/1187/2026-ബി2 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വെളിനല്ലൂർ ഇ.ഇ.ടി. യു.പി.എസ്. -ലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ നന്ദു കൃഷ്ണന്റെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരുന്നു.

2. ഈ വിഷയത്തിൽ 29.04.2026 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. വെളിനല്ലൂർ ഇ.ഇ.ടി.യു.പി.എസ്. -ലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ അരുൺ എ. നായർ പഠന ആവശ്യത്തിനായി എടുത്ത അവധി ഒഴിവിൽ (15/11/2024 മുതൽ 14/11/2026 വരെ) നിയമിക്കപ്പെട്ട ശ്രീ നന്ദു കൃഷ്ണന്റെ office attendant തസ്തികയിലെ ദിവസവേതന നിയമനം അംഗീകരിച്ച് നൽകണമെന്ന് പരാമർശം (1) റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വെളിനല്ലൂർ ഇ.ഇ.ടി. യു.പി.എസ്. -ലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ അരുൺ നായർ പഠനാവശ്യത്തിനായി 15/11/2024 മുതൽ 14/11/2026 വരെ രണ്ട് വർഷത്തേക്ക് ശൂന്യവേതനാവധി എടുത്ത ഒഴിവിൽ 15/11/2024 മുതൽ ശ്രീ നന്ദു കൃഷ്ണനെ മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും പ്രൊപ്പോസൽ അംഗീകാരത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. 03/12/2016 ലെ സ.ഉ.(പി) നം. 199/2016/പൊ.വി.വ പ്രകാരം ഒരു അധ്യയന വർഷത്തിൽ കൂടുതൽ ഉള്ള അവധി ഒഴിവിലെ നിയമനങ്ങൾ അധ്യാപക ബാങ്കിൽ നിന്നും ആണ് നികത്തേണ്ടത് എന്ന കാരണത്താൽ ശ്രീ.നന്ദു കൃഷ്ണന്റെ നിയമനം ഉപജില്ലാ ഓഫീസിൽ നിന്നും നിരസിച്ചു. ഇതിനെതിരെ കൊട്ടാരക്കര ഡി.ഇ.ഒ.യിൽ നൽകിയ അപ്പീൽ ഇതേ കാരണത്താൽ തന്നെ നിരസിച്ചു. തുടർന്ന് മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചു. സംരക്ഷിതരെ നിയമിക്കേണ്ട തസ്തികയിൽ

മാനേജർക്ക് നിയമനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് ഹാജരാക്കിയിട്ടില്ല, സംരക്ഷിത അധ്യാപകരെ ആവശ്യപ്പെട്ടുകൊണ്ട് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് നൽകിയതായോ സംരക്ഷിതർ ലഭ്യമല്ല എന്ന് ഡി.ഡി.ഇ അറിയിച്ചതായോ ഉള്ള രേഖകൾ അപ്പീലിനോടൊപ്പം മാനേജർ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ നിയമനം നിരസിച്ച് നൽകി. പിന്നീട് ശ്രീ നന്ദുകൃഷ്ണൻ 14/11/2025 ൽ രാജി വച്ച് പോകുകയും ചെയ്തു. ഈ ഒഴിവിൽ 15/11/2025 ൽ ശ്രീ വിഷ്ണുലാലിനെ ഓഫീസ് അറ്റൻഡന്റ് ആയി നിയമിച്ചു. 03/12/2016 ലെ ജി.ഒ.(പി) 199/2016/ പൊ.വി.വ പ്രകാരം ഒരു അധ്യയന വർഷത്തിൽ കൂടുതൽ ഉള്ള അവധി ഒഴിവിലെ നിയമനങ്ങൾ അധ്യാപക ബാങ്കിൽ നിന്നും ആണ് നികത്തേണ്ടത്. അദ്ധ്യാപക ജീവനക്കാർക്കുള്ള ഉത്തരവുകൾ അനധ്യാപകർക്കും ബാധകമായതിനാൽ നിലവിലെ സാഹചര്യത്തിൽ ശ്രീ നന്ദു കൃഷ്ണന്റെ നിയമനം അംഗീകരിക്കാൻ സാധിക്കുന്നതല്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അവധി ഒഴിവിലെ ശ്രീ നന്ദു കൃഷ്ണന്റെ ദിവസവേതന നിയമനം അംഗീകരിച്ച് നൽകണമെന്ന അപേക്ഷ പരിഗണനാർഹമല്ല. ഹർജി നിരസിച്ച് അപ്രകാരം മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

മാനേജർ, ഇ.ഇ.ടി. യു.പി.എസ്., വെളിനല്ലൂർ, കൊല്ലം
ശ്രീ നന്ദു കൃഷ്ണൻ യു.എസ്., ഓഫീസ് അറ്റൻഡന്റ്, ഇ.ഇ.ടി.യു.പി.എസ്., വെളിനല്ലൂർ, കൊല്ലം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വെളിയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/73/2026-G.EDN)

ഉത്തരവിൻ പ്രകാരം
Signed by Resmi Babu
Date: 11-06-2026 19:13:58
സെക്ഷൻ ഓഫീസർ

പകർപ്പ്:
പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.